©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ആഗസ്റ്റ് 21<br>21st August 2018<br>1194 ചിങ്ങം 5<br>5th Chingam 1194<br>1940 ശ്രാവണം 30<br>30th Sravana 1940 | നമ്പർ<br>No. | 34 |

## PART III

## Commissionerate of Land Revenue

മേൽവിവരിച്ചവർ മാത്രമാണ് അവകാശികളെന്നു കാണിക്കുന്ന സർട്ടിഫിക്കററ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം ഈ ഓഫീസിൽ നേരിട്ട് ഹാജരായി സമർപ്പിക്കേണ്ടതാണ്. താമസിച്ചോ തപാൽമാർഗ്ഗമോ ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
തൊടുപുഴ. തഹശീൽദാർ.

---

## ERNAKULAM DISTRICT

ലേല പരസ്യം

നമ്പർ എ2-3419/2018. 2018 ജൂലൈ 11.

കോതമംഗലം താലൂക്ക് വാരപ്പെട്ടി വില്ലേജ് സർവ്വേ 44/5-ൽപ്പെട്ടതും കെ.പി. 81/22 നമ്പരായി കുത്തകപ്പാട്ടത്തിന് നൽകിയിരുന്നതുമായ 27.92 ആർ വസ്തുവിൽ നിന്നിരുന്ന 3 തേക്ക് മരങ്ങൾ അനധികൃതമായി മുറിച്ച് കഷണങ്ങളാക്കിയത് സർക്കാർ അധീനതയിൽ ഏറ്റെടുത്തിട്ടുള്ളതാണ്. വില നിശ്ചയിച്ചു ലഭിച്ചിട്ടുള്ള ടി തേക്കുമരങ്ങൾ 11-9-2018-ാം തീയതി പകൽ 11 മണിക്ക് വാരപ്പെട്ടി വില്ലേജ് ആഫീസിൽ വച്ച് റവന്യൂ ഡിവിഷണൽ ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. നിശ്ചിത ലേലത്തീയതിക്ക് 7 ദിവസം മുമ്പുതന്നെ ലേലത്തിൽ ഉൾപ്പെടുത്തുന്ന വസ്തുക്കളുടെ ഇനം, അളവ്, ഗുണനിലവാരം എന്നിവ ബോധ്യപ്പെടേണ്ടതാണ്. ലേലത്തിന് ശേഷം ഇതു സംബന്ധിച്ച് യാതൊരു പരാതിയും സ്വീകരിക്കുന്നതല്ല. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ` 1,000 നിരതദ്രവ്യം കെട്ടിവെച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതും ഏറ്റവും കൂടിയ തുകയ്ക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ച് ലേലം സ്ഥിരപ്പെടുത്തി ഉത്തരവാകുന്ന മുറയ്ക്ക് ലേലവസ്തുക്കൾ വിട്ടുനൽകുന്നതാണ്. ലേലം കഴിഞ്ഞാൽ ഉടൻതന്നെ ലേല തുകയുടെ മൂന്നിലൊന്ന് നിരതദ്രവ്യം ഉൾപ്പെടെ അടയ്ക്കേണ്ടതാണ്. ലേലം കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ ബാക്കി തുക, ജി.എസ്.ടി., വനവികസന നികുതി, അനുബന്ധ ചെലവുകളും അടയ്ക്കേണ്ടതാണ്. സാധാരണ സർക്കാർലേലം സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

തടി വിവരം

| ക്രമ നമ്പർ | ഇനം | നീളം × വണ്ണം (സെ.മീ.) | തടി ക്യൂബിക് മീറ്റർ |
|---|---|---|---|
| 1 | തേക്ക് LIVC | 580 × 72 | 0.188 |
| 2 | തേക്ക് LLIVC | 1100 × 60 | 0.248 |
| 3 | തേക്ക് LLIVC | 950 × 70 | 0.291 |

റവന്യൂ ഡിവിഷണൽ ആഫീസ്, (ഒപ്പ്)
മൂവാറ്റുപുഴ. റവന്യൂ ഡിവിഷണൽ ആഫീസർ.

---

## Kochi Taluk

പരസ്യം

നമ്പർ എച്ച്2-7232/2018. 2018 ജൂലൈ 13.

കൊച്ചി താലൂക്കിൽ എളങ്കുന്നപ്പുഴ വില്ലേജിൽ അമ്മപറമ്പിൽ വീട്ടിൽ ഷാജൻ എന്നയാൾ മരിച്ചുപോയെന്നും ബാങ്കിൽ ഹാജരാക്കുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടു കൊണ്ട് പരേതന്റെ മകൻ അതുൽ സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ഷാജൻ എന്നയാൾ 7-12-2017-ാം തീയതിയിൽ മരിച്ചു പോയിട്ടുള്ളതായും പരേതന്റെ അവകാശികളായി താഴെ പറയുന്നവർ മാത്രമാണെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | റോമിനി | ഭാര്യ | 52 |
| 2 | അതുൽ, എ. എസ്. | മകൻ | 27 |
| 3 | ആകാശ്, എ. എസ്. | ,, | 23 |

മേൽ വിവരിച്ചവരാണ് അവകാശികളെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം കൊച്ചി തഹശീൽദാർ മുൻപാകെ ഹാജരാകേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞോ തപാൽമാർഗ്ഗമായോ വരുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കൊച്ചി. തഹശീൽദാർ.

---

## Kanayannur Taluk

പരസ്യം

(1)

നമ്പർ എ5-6744/2017. 2018 ജൂൺ 27.

കണയന്നൂർ താലൂക്കിൽ പൂണിത്തുറ വില്ലേജിൽ കാരണക്കോടം ദേശത്ത് കോയിൽപറമ്പിൽ വീട്ടിൽ സോണി സേവ്യർ എന്നവർ മരണപ്പെട്ടുപോയിട്ടുള്ളതാണ്. പരേതയുടെ അനന്തരാവകാശികളെ സ്ഥാപിച്ചുകിട്ടുന്നതിനു വേണ്ടി പരേതയുടെ ഭർത്താവ് പയസ് മാർട്ടിൻ സമർപ്പിച്ച അപേക്ഷയിൽ വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടിയാൾ 27-1-2009-ാം തീയതി മരിച്ചുപോയെന്നും പരേതയുടെ അവകാശികളായി താഴെ പറയുന്ന പേരുകാരാണ് ഉള്ളതെന്നും അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | പയസ് മാർട്ടിൻ | ഭർത്താവ് | 45 |
| 2 | ടാനിയ മാർട്ടിൻ | മകൾ | 18 |
| 3 | ടിയാ പയസ് | ,, | 12 |

മേൽപ്പറഞ്ഞവരാണ് പരേതയുടെ അവകാശികൾ എന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം കണയന്നൂർ തഹശീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമായോ വരുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ എ5-14062/2018. 2018 ജൂൺ 27.

കണയന്നൂർ താലൂക്കിൽ ഇടപ്പള്ളി സൗത്ത് വില്ലേജിൽ എളമക്കര ദേശത്ത് ടാഗോർ ലൈൻ, പാറമ്മേൽ തൊണ്ടിൽ വീട്ടിൽ രാമചന്ദ്രൻ എന്നയാൾ മരണപ്പെട്ടുപോയിട്ടുള്ളതാണ്. പരേതന്റെ അനന്തരാവകാശികളെ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി പരേതന്റെ ഭാര്യ ലളിത, ആലുങ്കൽ വീട്, എളമക്കര സമർപ്പിച്ച അപേക്ഷയിൽ വില്ലേജാഫീസർവഴി അന്വേഷണം നടത്തിയതിൽ ടിയാൻ 16-7-2006-ാം തീയതി മരിച്ചുപോയെന്നും പരേതന്റെ അവകാശികളായി താഴെ പറയുന്ന പേരുകാരാണ് ഉള്ളതെന്നും അറിയുന്നു.